I ഇ.ബി. XV- കേരള നിയമസഭ/X-4

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഫെബ്രുവരി 01, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

13(*91) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതി

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് ഭാരത് മാല പരിയോജനയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണെന്നും സഭയെ അറിയിച്ചു. പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കി.മീ. നീളത്തിലും 70 മീറ്റർ വീതിയിലും ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് സംസ്ഥാന സർക്കാർ

തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ദേശീയപാത അതോറിറ്റി അംഗീകരിച്ചതുപ്രകാരം 45 മീറ്റർ പ്രധാന പാതയിൽ സർവീസ് റോഡുകൾ ഉൾപ്പെടുത്തിയാണ് ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും പ്രധാന പാത നിർമ്മാണത്തിന്റെ 100% തുകയും ദേശീയപാത അതോറിറ്റിയും സർവീസ് റോഡുകളുടെ നിർമ്മാണച്ചെലവ് പൂർണമായും സംസ്ഥാന സർക്കാരും വഹിക്കണമെന്നും നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവ സംസ്ഥാന സർക്കാർ ഒഴിവാക്കണമെന്നുമുള്ള വ്യവസ്ഥകളാണ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മുന്നോട്ട് വച്ചിട്ടുള്ളത്. ഇതിലൂടെ സംസ്ഥാനത്തിന് 1600 കോടിയിലധികം രൂപയുടെ ബാദ്ധ്യതയാണ് കണക്കാക്കുന്നത്. സർവ്വീസ് റോഡുകളുടെ നിർമ്മാണച്ചെലവ് സംസ്ഥാനം വഹിക്കണമെന്നുള്ള വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ഉണ്ടാകാനിടയുള്ള വാണിജ്യ-സാമ്പത്തിക സാദ്ധ്യതകളെ ഉപയോഗപ്പെടുത്താൻ റിംഗ് റോഡ് ലക്ഷ്യമിടുന്നുണ്ടെന്നും മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുന്നുണ്ടെന്നും

പ്രതിസന്ധികൾക്കിടയിലും ഇത് യാഥാർത്ഥ്യമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

14(*92) സംസ്ഥാന സ്കൂൾ കലോത്സവം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേരളത്തിന്റെ സാംസ്കാരിക സമ്പന്നത ഉയർത്തിപ്പിടിച്ചും ഹരിത പ്രോട്ടോക്കോൾ പാലിച്ചുമാണ് സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ സംഘടിപ്പിക്കുന്നതെന്ന് സഭയെ അറിയിച്ചു. ദൃശ്യ-ശ്രാവ്യ രൂപങ്ങളിലായി വിവിധ കാലങ്ങളേയും ദേശങ്ങളേയും അടയാളപ്പെടുത്തുന്ന വിഭിന്ന കലാരൂപങ്ങൾകൊണ്ട് സമ്പന്നമായ സംസ്ഥാന സ്കൂൾ കലോത്സവം നമ്മുടെ മഹത്തായ കലാപാരമ്പര്യത്തെയാണ് വിളിച്ചോതുന്നത്. നാനാത്വത്തിൽ ഏകത്വം പരിരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള വേദിയാക്കി കലോത്സവങ്ങളെ മാറ്റുകയാണ് ചെയ്യുന്നത്. കലോത്സവ മാന്വൽ പരിഷ്കരണ വേളയിൽ കലോത്സവങ്ങളിൽ ഗോത്രകലകളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്നും വിധി കർത്താക്കളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടുമെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന സ്കൂൾ

കലോത്സവത്തെ രാജ്യാന്തര ബ്രാൻഡാക്കി മാറ്റുന്നതുസംബന്ധിച്ച് ടൂറിസം വകുപ്പുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന സ്കൂൾ കലോത്സവത്തെ ലോക റെക്കോർഡ് വേദികളിൽ എത്തിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

15(*93) <u>പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക കർമ്മപദ്ധതി</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യത്തോടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പട്ടയമിഷൻ രൂപീകരിച്ചിട്ടുണ്ടെന്നും ഇതിനകം 121604 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ പട്ടയ അസംബ്ലി കൂടി ഡാഷ് ബോർഡിൽ വിവരങ്ങൾ ഉൾപ്പെടുത്തി പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിയമപ്രകാരം പട്ടയം

നൽകുന്നതിന് തടസ്സമുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലിൽ ലഭ്യമായിട്ടുള്ള പട്ടയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടയം ഡാഷ് ബോർഡ് അദാലത്തുകൾ നടത്തിയിട്ടുണ്ടെന്നും റവന്യൂ സെക്രട്ടേറിയറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. വനഭൂമി പട്ടയത്തിന് അർഹരായവരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നുണ്ടെന്നും 4327.455 ഹെക്ടർ ഭൂമി 11486 പേർക്കായി ഇതിനകം വീതിച്ചുനൽകിയിട്ടുണ്ടെന്നും പുതിയതായി 8430 അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സമുദ്രജലനിരപ്പിൽനിന്ന് 100 അടിക്ക് മുകളിലുള്ള സ്ഥലങ്ങളിൽ പട്ടയം ലഭ്യമാക്കാനുള്ള ഒരു പ്രത്യേക മിഷനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സന്നദ്ധമാണെന്നും ദേവസ്വം ഭൂമി വിഷയത്തിൽ പ്രത്യേക പരിശോധന നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

16(*94) കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന റോഡുകൾ നിർമ്മിക്കാൻ നടപടി

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന റോഡുകളുടെ രൂപകൽപ്പന അത്യന്താപേക്ഷിതമാണെന്നും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇതുസംബന്ധിച്ച് ഗവേഷണം നടത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. താപനില വ്യതിയാനമനുസരിച്ച് രൂപകൽപ്പന ചെയ്യുന്ന 'സുപ്പീരിയർ പെർഫോമിംഗ് അസ്ഫാൽറ്റ് റോഡുകൾ' - സൂപ്പർപേവ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള പഠനങ്ങൾ പുരോഗമിക്കുകയാണ്. ഹോട്ട് മിക്സ് അസ്ഫാൽറ്റിന്റെ ഈർപ്പ സംവേദനക്ഷമതയെക്കുറിച്ചുള്ള ഗവേഷണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. കേരളത്തിൽ റോഡ് നിർമ്മാണത്തിനുപയോഗിക്കുന്ന പശ്ചിമ ഘട്ടത്തിലെ പാറകളിൽ കൂടിയ അളവിൽ സിലിക്ക അടങ്ങിയിട്ടുള്ളതാണ് മെറ്റലിന്റെ അമ്ലസ്വഭാവത്തിന് കാരണമെന്നും നിശ്ചിത അളവിൽ ചുണ്ണാമ്പ് പൊടി (Hydrated Lime), സിമന്റ് തുടങ്ങിയവ ബിറ്റുമിനസ് മിശ്രിതത്തിലേക്ക് ചേർത്ത് ഉപയോഗിച്ചാൽ മെറ്റലിന്റെ അമ്ല സ്വഭാവം കുറയ്ക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും പൊതുമരാമത്ത്

വകുപ്പും മറ്റും നടത്തുന്ന നിർമ്മാണങ്ങൾക്ക് ടെൻസൈൽ സ്ട്രെങ്ത് റേഷ്യോ (ടി.എസ്.ആർ.) പരിശോധന ഏർപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.